JUSTICIA ADHATODA

(ADHATHODA)

Of the two adhathoda variants, big and small, it is said that the medicinal value is higher for small adhathoda still the large ones own high demand. It is a shrub that grows up to two to three meters in height and is beneficial that goats and some other parasites do not eat the leaves of the plant. Adhathoda is also a plant of great environmental importance due to its use as a pesticide. In sanskrit adhathoda is known as *Ajagandhapatra*.

Uses

The leaves and roots of adhathoda have medicinal properties. The juice of the leaves can be used to increase the contractility of the lungs, to improve the tone, and the roots and flowers as a pain reliever. It cures coughs and vomiting as well as a cure for tuberculosis and leprosy. Adhathoda is a good remedy for internal and external bleeding. It also can increase the number of platelets. The juice of the flowers can be used to cure red eye disease. As it is a good bio-pesticide, keeping the leaves of the plant along with other fruits prevents molds. (*Usage should be as prescribed by an Ayurveda doctor*)

Planting and Care

Adhathoda can be grown as an intercrop, hedge, or as a solitary crop on an industrial scale. It is best to cut the stems, fifteen to twenty centimetres in length, planted them in polybags and can replant them after rooting. While planting in the field or around the house, take one square feet pits, plant the saplings and cover them with topsoil. The leaves of the plant can be collected after one year and roots and other parts in two years. Special care should be taken not to damage the plant while collecting roots and other parts. Once planted, the plant will last for about one to two years.

For more information

The Project Regional Director
NMPB Regional-cum-Facilitation Centre (Southern Region)
KSCSTE - Kerala Forest Research Institute, Thrissur, Peechi 680653, Kerala, INDIA
Phone: +91 487 2690100; +91 8289995600
E-mail: rcfcsouthern@gmail.com
Website: www.rcfcsouthern.org

ആടലോടകം

നമ്മുടെ നാട്ടിൽ ആടലോടകം വലുത് ചെറുത് എന്നിങ്ങനെ രണ്ട് തരത്തിൽ ഉണ്ട്. ചെറിയ ആടലോടകത്തിനാണ് ഔഷധഗുണം കൂടുതൽ എന്ന് പറയപെടുന്നുണ്ടെങ്കിലും വലിയ ആടലോടകത്തിനാണ് കൂടുതൽ ഉപയോഗവും ആവിശ്യക്കാരും. ഒരു കുറ്റിച്ചെടിയായ ആടലോടകം രണ്ട് മൂന്ന് മീറ്റർവരെ ഉയരത്തിൽ വളരുന്നു. ആടുകളും മറ്റു ചില ശുദ്രജീവികളും ആടലോടകത്തിന്റെ ഇല ഭക്ഷിക്കാറില്ല എന്നത് ഗുണകരമായ കാര്യമാണ്. കീടനാശനിയായി ഉപയോഗിക്കുന്നതുകൊണ്ട് തന്നെ വളരെയധികം പരിസ്ഥിതി പ്രാധാന്യമുള്ള ഒരു സസ്യം കൂടി ആണ് ആടലോടകം. അജഗന്ധപത്ര എന്നതാണ് സംസ്കൃത നാമം.

ഉപയോഗം

ആടലോടകത്തിന്റെ ഇലകൾക്കും വേരിനുമാണ് പ്രധാനമായും ഔഷധഗുണമുള്ളത്. ആടലോടകത്തിന്റെ ഇലയുടെ നീര് ശ്വാസകോശത്തിന്റെ സങ്കോച വികാസക്ഷമത വർധിപ്പിക്കാനും, സ്വരം നന്നാക്കാനും, വേരും പൂവും വേദന നിവാരണിയായും ഉപയോഗിക്കാം. ചുമ, കഫക്കെട്ട്, ഛർദി എന്നീ രോഗങ്ങളെ ശമിപ്പിക്കുന്നതിനോടൊപ്പം ക്ഷയത്തിനും കുഷ്ഠത്തിനും ഒരു സിദ്ധൗഷധം കൂടിയാണ്. ശരീരത്തിന്റെ പുറത്തും അകത്തും ഉണ്ടാകുന്ന രക്തസ്രാവങ്ങൾക്ക് ഒരു നല്ല ഔഷധമാണ്. പ്ലേറ്റ്ലെറ്റുകളുടെ എണ്ണം കൂട്ടുന്നതിനുള്ള കഴിവും ഇവയ്ക്കുണ്ട്. ചെങ്കണ്ണ് രോഗത്തിന്റെ ശമനത്തിനായി പൂക്കളുടെ നീര് ഉപയോഗിക്കാവുന്നതാണ്. നല്ലൊരു ജൈവകീടനാശാനി ആയതിനാൽ മറ്റുപഴങ്ങൾക്കിടയിൽ ആടലോടകത്തിന്റെ ഇലകൾ ഇട്ടു വെച്ചിരുന്നാൽ പൂപ്പൽ വരുകയില്ല. *(ഉപയോഗ ക്രമം ആയുർവേദ ഡോക്ടറുടെ നിർദ്ദേശ പ്രകാരമായിരിക്കണം)*

നടീലും പരിചരണവും

ഇടവിളയായും വേലിയായും വ്യാവസായടിസ്ഥാനത്തിൽ തനിവിളയായും കൃഷിചെയ്യാവുന്ന സസ്യമാണ് ആടലോടകം. പതിനഞ്ച് മുതൽ ഇരുപത് വരെ സെന്റീമീറ്റർ നീളമുള്ള തണ്ടുകൾ മുറിച്ചെടുത്ത് പോളിബാഗുകളിൽ നട്ടുവളർത്തി വേര് പിടിപ്പിച്ചതിനുശേഷം നടുന്നതാണ് ഉത്തമം. കൃഷിയിടങ്ങളിലും വീടിന് ചുറ്റും നടുമ്പോൾ ഒരടി സമചതുരാകൃതിയിലുള്ള കുഴികൾ എടുത്ത് കുഴികൾ മേൽമണ്ണ് കൊണ്ട് മൂടിയ ശേഷം ബാഗിൽനിന്നും മണ്ണിന് ഇളക്കം തട്ടാത്തവിധത്തിൽ ചെടി എടുത്ത് നടുക. നട്ട് ഒരു വർഷത്തിൽ ഇലകളും രണ്ടുവർഷത്തിൽ വേരും മറ്റുഭാഗങ്ങളും ശേഖരിക്കാവുന്നതാണ്. വേരും മറ്റ് ഭാഗങ്ങളും ശേഖരിക്കുമ്പോൾ ചെടി കേടുവരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒരിക്കൽ നട്ട ചെടി ഏകദേശം ഒന്നുമുതൽ രണ്ട് വർഷത്തോളം നിലനിർത്താം.

കൂടുതൽ വിവരങ്ങൾക്ക്

പ്രൊജക്റ്റ് റീജിയണൽ ഡയറക്ടർ
എൻ. എം. പി. ബി. പ്രാദേശിക - പരിപോഷണ കേന്ദ്രം (ദക്ഷിണ മേഖല)
കേരള വന ഗവേഷണ സ്ഥാപനം, തൃശൂർ, പീച്ചി 680653, കേരളം, ഇന്ത്യ
ഫോൺ: +91 487 2690100, +91 8289995600
ഇമെയിൽ: rcfcsouthern@gmail.com
വെബ്സൈറ്റ്: www.rcfcsouthern.com